# Siraj

# 25 July 2018

# Kodamangalam, Water Level Rise, Tribals

## പുഴയിലെ ജലനിരപ്പുയർന്നു: നിരവധി ആദിവാസികൾ ബ്ലാവനയിൽ കുടുങ്ങി

**കോതമംഗലം:** ലൈഫ് പദ്ധതി നടത്തിപ്പിനെപ്പറ്റി അലോചനക്കായി കാടിറങ്ങിയ ആദിവാസികൾ തിരികെ കുടികളിൽ എത്താൻ കഴിയാതെ ബ്ലാവനയിലും, പൂയംകുട്ടി കടത്തിലുമായി കുടുങ്ങിയിരിക്കുകയാണ്. പൂയംകുട്ടി പുഴയിൽ ജലവിതാനം ഉയർന്നതിനാൽ കടത്തു നിലച്ചതാണ് പ്രശ്നമായത്. ആദിവാസി കുടികളിലെ ഭവന നിർമാണ നടപടി ക്രമങ്ങൾക്കായാണ് ട്രൈബൽ വകുപ്പ് ആദിവാസികളെ. കുട്ടമ്പുഴ ഷെൽറ്ററിൽ. യോഗം വിളിച്ചിരുന്നു. യോഗം കഴിഞ്ഞ് മടങ്ങുമ്പോഴേക്കും പുയം കുട്ടി പുഴ കരകവിഞ്ഞു. അപകട സാദ്ധ്യത കണക്കിലെടുത്ത് ബ്ലാവന കടവിലെ കടത്തും നിർത്തിവെച്ചു. വാരിയം, തേരകുടി, കുഞ്ചിപ്പാറ, തലവച്ച പാറ, ഉറിയം പെട്ടി കുടി, വെള്ളാരംകുത്ത്, മണികണ്ഠൻ ചാൽ തുടങ്ങിയ പ്രദേശത്തെ താമസക്കാരായ സ്ത്രീകളും, കുഞ്ഞുകുട്ടികളടക്കമുള്ള നിരവധി പേരാണ് ഇടവഴിയിൽ കുടുങ്ങിയത്.

പഞ്ചായത്തും പൊതു പ്രവത്തകരും ഇടപെട്ട് ഷെൽറ്ററിൽ ക്യാമ്പു തുടങ്ങി താൽക്കാലിക സൗകര്യം ഇവർക്കായി ഏർപ്പെടുത്തിയിരിക്കുകയാണ്.